J. M. J.

# ബഥനി വിജയം.

ഗ്രന്ഥകർത്താ

ജെ. പി. പെരേര, പുത്തൻതോപ്പ്

1931

കഥയററമതങ്ങൾ തൻശിരോ-
മഥനം ചെയ്തു പ്രതാപസംയുതം
ബേഥനിത്തിരുമേനി, യേശുവിൻ-
പ്രഥപാറിച്ചു വിളങ്ങിടട്ടെ മേൽ

ഗ്രന്ഥകർത്താവിൻെറ അടയാളമില്ലാത്ത പ്രതി
വ്യാജനിർമ്മിതമാകുന്നു.

L/20
S.D. ECCLESIASTICAL ... CHANGANACHERRY ... VADAVATHOOR ... KOTTAYAM?

J. .M J.

# ബഃഥനിവിജയം.

ഗ്രന്ഥകത്താ

ജെ. പി. പെരേര, പുത്തൻതോപ്പ്

1931

കഥയററമതങ്ങൾ തൻശിരോ-
മഥനം ചെയ്തു പ്രതാപസംയുതം
ബഃഥനിത്തിരുമേനി, യേശുവിൻ-
പ്രഥപാറിച്ചു വിളങ്ങിടട്ടെ മേൽ

DHARMARAM COLLEGE
LIBRARY
BANGALORE-29

ഗ്രന്ഥകത്താവിൻെറ അടയാളമില്ലാത്ത പ്രതി
വ്യാജനിർമ്മിതമാകുന്നു.

# മുഖവുര.

"മിസ്റ്റർ പെരേര, ബഥനിത്തിരുമേനിയേക്കുറിച്ചു വഞ്ചിപ്പാട്ട്, ഗാഥ ഇത്യാദി പല വൃത്തങ്ങളിലായി ഒരു ചെറുകൃതിയെഴുതി പ്രസിദ്ധീകരിയ്ക്കണം" എന്നുള്ള ഗുരുനാഥൻെറ അഭിപ്രായം ആജ്ഞാപനമായോ ആശിസ്സായോ സ്വശിഷ്യൻെറ കർണ്ണപുടങ്ങളിൽ മുഴങ്ങി. ഇപ്പോഴത്തെ ഈ പരിവർത്തനഘട്ടത്തിൽ ബഥനിത്തിരുമേനിമാരോടു അയാൾക്കു അങ്കുരിച്ച അകൈതവമായ അത്യാദരവിനെ പ്രകടിപ്പിക്കാൻ ഇതൊരു നല്ല മാർഗ്ഗവുമായിത്തോന്നി. അതനുസരിച്ചു അന്നുതന്നെ—ധനു ൨൩—൧൧൨൯— ശനിയാഴ്ച തന്നെ—കൃത്യമാരംഭിക്കയും പിറേറദിവസം ഉച്ചകഴിഞ്ഞുഅവസാനിക്കയും ചെയ്തു.

ബഥനി പ്രസ്ഥാനത്തോടുള്ള ഗ്രന്ഥകർത്താവിൻെറ ബഹുമാനാദരങ്ങൾക്കു ശാശ്വതസ്മാരകമായി ഈ പുസ്തകം വിററുകിട്ടുന്നതിലൊരുതുക തൽസ്ഥാപനത്തിലേയ്ക്കു സംഭാവനയായി കൊടുക്കുന്നതാണ്.

ഈ കൃതിയുടെ അസ്ഥിവാരവചനപ്രയോക്താവും അദ്ധ്യാപനമർമ്മജ്ഞനും വിദ്യാധനധർമ്മജ്ഞനുമായ എൻെറ ഗുരുഭൂതൻ രാജശ്രീ എൻ. എം. ഫിലിപ്പ് അവർകളോടും, വേണ്ട പ്രോത്സാഹനങ്ങളും ആശിസ്സും തന്നനുഗ്രഹിച്ച എൻെറ വന്ദ്യഗുരുവരനും ദൈവഭക്തനും മനസ്സുക്തനും, സുവിരക്തനും, പരോപകാരപ്രസക്തനും,

വേദപ്രചാരവിദഗ്ദ്ധനും, ആയ റവ: ഫാദർ ഡൊമിനിക്ക് തോട്ടാശേരി അവർകൾ എം. എ. (ഓണേഴ്സ്) എൽ. ററി യോടും എനിക്കുള്ള വാചാമഗോചരമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവസാനമായി വേണ്ടവിധത്തിൽ സഹകരിച്ചു ശ്രമിച്ച് എന്റെ ഈ ലഘുകൃതി പ്രസിദ്ധീകരണത്തിനു ഹേതുഭൂതരായ മെസ്സേഴ്സ്. സെബാസ്റ്റ്യൻ തറപ്പേൽ, ജെ. ദേവസ്സി (അങ്കമാലി) എ. ആർ. ഗോപാലൻനായർ (പറവൂർ) എന്നീസതീത്ഥ്യസ്നേഹിതന്മാരോടും എനിക്കുള്ള നിസ്സീമമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊണ്ട് ഈ കൃതിയെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ചങ്ങനാശേരി
൧—൩—'൩൩.

എന്ന്, സഹൃദയവിധേയൻ,
ജെ. പി. പി.

J. M. J.

# ബഃ മനി വിജയം.

## വഞ്ചിപ്പാട്ട്.

അമ്മേ! സഭാമാതാവെ, നീ ജയിച്ചാലും! ജയിച്ചാലും!
സമ്മോദവാരാന്നിധിയിലാറാടിയാലും!
ഇന്നാത്രേ നിൻഭാഗ്യതാരമുച്ചസ്ഥമായ്‌ത്തീർന്നതോർത്താൽ
ഇന്നാത്രേ നിൻ സന്തോഷത്തിൻപൂർണ്ണതയെത്തി
ആയിരം തൊള്ളായിരവും മുപ്പതും ചേരുന്നൊരാണ്ടിൽ
ശ്രീയുതമാം സെപ്റ്റംബറിരുപതാംദിനം
മാതാവെ! നീ മറക്കുവാൻ പാടില്ലാത്തസുദിനമാം
ധാതാവിന്നു സമ്മോദത്തെയണച്ചദിനം
നഷ്ടപ്പെട്ടരത്നം വേഗം തിരിച്ചുകിട്ടിയദിനം
ശിഷ്ടന്മാർക്കു കൊണ്ടാട്ടത്തിൻ ഹേതുകദിനം
അമ്മേ! നീയാസുദിനത്തേയാശ്ലേഷിയ്ക്ക,യാശ്ലേഷിക്ക,
ചെമ്മേയതിന്നു സമോദമാശിസ്സണയ്ക്ക.
"കൂട്ടത്തിൽ നിന്നുപിരിഞ്ഞൊരാടിനെത്തിരിച്ചുമോദാൽ
കൂട്ടത്തിൽ ചേർക്കുവാൻ ഭാഗ്യം വരുത്തിത്തന്ന
സെപ്റ്റംബറിരുപതാകും സൗഭാഗ്യദിനമേ! ഭുവി
വിഘ്നമെന്യേ ജയിച്ചാലും! ജയിച്ചാലും! നീ

ആദിനാഥനനന്തമാം ഭാഗ്യം നിനക്കരുളട്ടെ!
മേദിനിയിൽ സന്തതം നീ വിളങ്ങിടട്ടെ!"
യാക്കോബായസഭാമാതിൻ ഹൃത്തടം തകർന്നിടുന്നു
കത്തോലിയ്ക്കാസഭാംബയ്ക്കു മോദമേറുന്നു.
ദുഷ്ടജനസഞ്ചയത്തിൻ നാഡികൾ സ്തംഭിച്ചിടുന്നു.
ശിഷ്ടരാം നരർക്കു മനം വികസിക്കുന്നു.
കേരളത്തിൽ കത്തോലിക്കാത്രപതകൾ വർദ്ധിയ്ക്കുന്നു.
കേളിയേറുമൈക്യം ഭുവിവർത്തിച്ചീടുന്നു.
ബഥനിയാം സാലവൃക്ഷം രസാലമായ് മാറീടുന്നു
പൃഥിവിയിൽ മിശിഹാതൻ കൊടിപാറുന്നു.
എന്തിതിന്റെ ഹേതുവെന്നു ചിന്തിയ്ക്കാം നമുക്കൊരല്പം
സ്വാതന്ത്ര്യബുദ്ധിയേറുമെന്റെ സോദരങ്ങളെ!

മാവേലിക്കരയാം നാരിതന്റെ തൊടുകുറിയായി
ശ്രീയേറും "പണിക്കർഗേഹം" വിളങ്ങിടുന്നു.
അപ്പത്തനവാസികൾ ചെയ്ത സുകൃതഫലമായി
ചൊല്ലൊങ്ങും മഹിത പുമാൻ ജനിച്ചുവിടെ
എം എ ശെമ്മാശ്ശൻ, പണിക്കരച്ചൻ, പി റ്റി ഗീവറുഗീസ്
അമ്മയാം 'സുറിയാനി'യേപ്പോററിയമഹാൻ
ഇത്യാദിപുകൾച്ചന്ദ്രികഭൂതലമാകെപ്പരത്തി
വ്യത്യാസമെന്യേ വിളങ്ങും പുമാനിദ്ദേഹം.
എം. എ. ബിരുദംധരിച്ചങ്ങൊൺഡിസെമ്മനാരിമോദാൽ
ചെമ്മേ ഭരിച്ചു, വസിച്ചുല്ലസിച്ചു നീണാൾ
വട്ടശ്ശേരിബിഷോപ്പിന്റെ വലംകൈയായതുമോർത്താൽ
പുഷ്ടശ്രീകലരും മാറീവാനിയോസ്സത്രേ!
ബാവാകക്ഷിമെത്രാൻ കക്ഷിയിവർതമ്മിൽ നടന്നതാം

ഭാവഗംഭീരമാം വട്ടിപ്പണക്കേസിങ്കൽ
മെത്രാൻകക്ഷിയെ നയിച്ച പ്രബലപ്രബലനായ
സൂത്രധാരനിമ്മഹാനാണെന്നു വാസ്തവം
ആനപ്പാപ്പിയെന്നവമ്പനടികൊണ്ടുമലൎന്നുപോയ്
സേനകൾ വട്ടശ്ശേരിയ്ക്കുകുറഞ്ഞുവന്നു
ബാവാകക്ഷിപ്രബലതാപ്രവാഹത്തിലാണ്ടുപൂണ്ടു
ഭാവാനുകൂലമല്ലാത്തവിധം വിരണ്ടു.
ഇദ്ദശാസന്ധിയിൽ മെത്രാൻകക്ഷിയോടുചേൎന്നുനിന്നു്
ദുർദ്ദശനീക്കിയിമ്മഹാൻമാറിവാനിയോസ്സ്
ദുഷ്ടരോടുരണമാടാൻ വീരനാമൊരു യോദ്ധാവും
ശിഷ്ടൎക്കെന്നും തുണയേകാൻ കാരുണ്യവാനും
ഈവിശിഷ്ടപുമാനെന്നതിമ്മഹാന്റെ ചരിത്രത്തിൽ
ശ്രീവിളങ്ങി വിലസുന്നവാസ്തവമത്രേ!
മെച്ചമാം സെറാംപൂർ കാളേജ്പ്രഥമസറായനേകനാൾ
ചൊല്ക്കൊള്ളുമിദ്ദേഹം വാണു മഹിതപുമാൻ
യാക്കോബായസഭാശാഖിതന്നിൽ ലസിച്ചൊരീസുമം
ദിക്കെങ്ങും സുഗന്ധംവീശിവിടൎന്നുമേന്മേൽ.
ആ സഭാമാതാവിൻ ഭാഗ്യപരിമാണപരിപൂൎത്തി
ഈ സൽസുതൻ ഭുവിചേൎത്തുവളൎത്തിവന്നു.
ഔദാൎയ്യത്തിൻ വാരാന്നിധിയാമീവന്ദ്യനനവധി
വൈദികരെപ്പഠിപ്പിച്ചു സ്വന്തംചിലവിൽ
നാട്ടാൎക്കുനന്മവളൎത്താൻ നാട്ടിലെങ്ങും സഞ്ചരിച്ചു.
നാട്ടിൻമണിദീപമാമീവന്ദ്യൻ ശ്രമിച്ചു.
യാക്കോബായസഭാശാഖിതന്നിൽക്കൂടികൊള്ളും ചിതൽ
ഊക്കേറും വിധമതിന്റെ തായ്ത്തടി വേഗം

തിന്നതീക്ഷമെന്നുകണ്ടുധന്യനീവൈദികരത്നം
നന്നായിശ്രമിച്ചതെല്ലാമകററീടുവാൻ
“ഏകസ്വഭാവം മാത്രമാംമിശിഹായ്ക്കുള്ളതുപിന്നൊ
രൂഹാബാവായിൽ നിന്നത്രേ പുറപ്പെടുന്നു.”
ഇവയേതുവിധത്തിലും പറഞ്ഞുസമ്മതിപ്പിക്കാം.
ഇവയേക്കാൾ ശ്രേഷ്ഠതരമുണ്ടൊരുകാര്യം
ക്രൈസ്തവമതത്തിൻ മൂല കല്ലായി വിളങ്ങിടുന്ന
സത്യപിതാവാം പാപ്പായോടുള്ള വണക്കം
കാണുന്നില്ലയാക്കോബായസഭയിലായതെന്നിയേ
ചേണാർന്നരക്ഷാകവാടമടയ്ക്കപ്പെട്ടും,
എന്നുമഹാശയനാമിദ്ദേഹത്തിനു തോന്നിയതോ
മൂന്നുലകനാഥൻ തന്റെ തിരുമനസ്സാം.
യാക്കോബായസഭാപുനരുദ്ധാരണം നടത്തുവാൻ
ദിക്കെങ്ങുംകേഴ്വിയേറുന്നാബഥന്യാശ്രമം
സ്ഥാപിച്ചമഹാമനസ്കനാമിദ്ദേഹം സദാമുദാ
സ്വാപംവിട്ടു പരിശ്രമംനടത്തിവന്നു.

## ഓട്ടൻ തുള്ളൽ.

അതിരമണീയംപട്ടണമല്ല;
ക്ഷിതിയിൽപുകഴുംപത്തനമല്ല,
സുഖവാസോചിതമാംസ്ഥലമല്ല,
മാനുഷസഞ്ചയരഞ്ജിതമല്ല;

മുണ്ടൻമേട്ടുമലയ്ക്കുതലയ്ക്കൽ
കണ്ടൊരിടംബ്രഹ്മനിക്കുലസിക്കാൻ
കടുവാകരടികളോടിമറഞ്ഞു
കിടികൾവൃകങ്ങളുമങ്ങുകുറഞ്ഞു
നരിമൃഗസഞ്ചയധാടികുറഞ്ഞു
കരികളുമങ്ങുറപോയിമറഞ്ഞു
ഈറ്റികൾതേക്കുകളൊക്കെമറിഞ്ഞു
കുററിക്കാടുകൾമാറിമറിഞ്ഞു,
തെളിവേറുന്നൊരുപാതനിറഞ്ഞു
പാമ്പിന്നാളുകളൊട്ടുമറഞ്ഞു
ആളുകളാശ്രമസീമയണഞ്ഞു
കോളുകളാകെയഴിഞ്ഞുകുഴഞ്ഞു
ഹിംസ്രകളാകെവലഞ്ഞുതുലഞ്ഞു
കമലാദേവികളിക്കുവിരിഞ്ഞു
ശാസ്താവിൻഗൃഹദേവാലയമായ്
ദുർമ്മൃഗഗേഹംനരനിലയനമായ്
ദുഷ്ടമൃഗങ്ങടെഗർജ്ജനമാഹാ!
ദേവാലയമണിനാദവുമായി
ക്ഷുദ്രപ്പറവകൾതങ്ങടെനിനദം
മാനുഷനിരതൻപ്രാർത്ഥനയായി
സന്യാസാവലിധന്യശിരോവരർ
വന്നുവസിപ്പാനാശ്രമമുണ്ടായ്
വൈദികവര്യന്മാർക്കുവസിപ്പാൻ
വേദിതമാകുംമന്ദിരമുളവായ്
ആകപ്പാടെഘോരംവിപിനം

യോഗംപെരുകുംമട്ടപകന്നു
കാട്ടകാംവീടായ്മാറാനീവിധ-
മാടൽകലന്നുതുന്നിഞ്ഞുമനോജ്ഞൻ
ബഥനിമഠത്തിൻവദ്ധനവിന്നായ്
പ്രഥയെഴുവോർചിലർദാനവുമേകി
ഈ. ജെ. ജോണെന്നാതിപ്പുകളേവം
മഹിതൻസമ്മതസംയുതനായി
ന്തുറേക്കർസ്ഥലമേകി,മഹാത്മാ
മാറീവാന്യോസിന്നാതുകാലം
രക്ഷയ്ക്കുള്ളൊരുവാതിലിലെത്താൻ
ശിക്ഷണമിതിനാൽപാറുകയില്ല.
കത്തോലിക്കാസഭതൻചരണം
ചേന്നില്ലെങ്കിൽലഭിയാശരണം
എന്നശരിക്കഗ്രഹിച്ചവിശിഷ്ടൻ
സത്യപിതാവിനകത്തുകളെഴുതി
വട്ടശ്ശേരിബിഷപ്പിൻസമ്മത-
സംഹിതംതന്നെന്നടനിന്നിതുസകലം
റമ്പാന്മാരാംചേപ്പാടന്നും
പുലിക്കോടന്നും തുഷ്ടിഭവിച്ചു
അവരും ചിലകന്യാസ്ത്രീജനവും
മെത്രാൻ തീയോഫിലസും മോദാൽ
സഹകരിച്ചുശ്രമിച്ചു വരിച്ചു
അവരാശിച്ച വിശിഷ്ട വിശേഷം
അന്ത്യോക്യായിൽ വിളങ്ങിടുന്ന

സിറിയൻ റീത്തായ്, തിരുസഭതന്നിൽ
ചേർത്തിതുമെത്രാപ്പോലീത്താ, മാർ
ഈവാനിയോസിനെ സഹചരരോടെ.

---

## ഗാഥ.

---

സന്തോഷസന്ധിയിൽപന്താടുന്നലോകം
ചെന്താരിൻകാന്തന്നപൊന്തിടുന്നു.
വെള്ളക്കൊടികളായ് മേഘംപറക്കുന്നു
വെള്ളവുംതുള്ളിക്കളിച്ചിടുന്നു
ബാലാനിലരവംബാൻറുമുഴങ്ങുന്നു
കോലാഹലമെന്തുചൊല്ലിടേണ്ടു!
വാരിധിതൻെറതരംഗപ്പെരുമ്പറ
പാരമായിന്നുമുഴക്കീടുന്നു
പക്ഷിനിരയാകെക്കൂജനസ്വാനംപ്ര-
ത്യക്ഷമാക്കീടുന്നുസ്വാഗതമായ്
വൃക്ഷലതാദികൾപച്ചയുടുപ്പേന്തി
രക്ഷിജനംപോൽനിരന്നുനിൽപ്പൂ.
ലക്ഷ്യമാകുന്നതൃണാങ്കുരത്താലിതാ
ഇക്ഷിതികോൾമയിർക്കൊണ്ടിടുന്നു
ശോഭായമാനമാമംബരധാരിണി
ശോഭനഗാത്രീപ്രകൃതിദേവീ,
മന്ദഹാസംതൂകിനില്ക്കുന്നുസഞ്ചിതാ-

നന്ദമിന്നൊങ്ങുംപെരത്തിട്ടുന്നു
“സെപ്‌റ്റമ്പർപത്തൊമ്പ”തോടിമറയുന്നു
കൃത്യമിരുപതണഞ്ഞിട്ടുന്നു.
ഹന്ത! നരകകവാടമടയുന്നു.
സ്വർഗ്ഗത്തിൻവാതിൽതുറന്നീട്ടുന്നു.
സാത്താന്മാർക്കയ്യയ്യോമാനസംവാടുന്നു
വാനവന്മാർജയം പാടീട്ടുന്നു.
മാറീവാനിയോസുതന്റെസഹചാരി
മെത്രാനാംതെയോഫീലോസുമിതാ
യാക്കോബായസഭാനാരിയേസന്ത്യജി-
ച്ചിക്കല്യസത്യസഭാംബികയേ
ആശ്രയിച്ചെത്തിയണയുന്നുശാശ്വത-
മാശ്രയംമറെറങ്ങുംകാണായ്കയാൽ
അമ്മേ! മനോജ്ഞാംഗീ! ആനന്ദമാർന്നാലും.
നന്മയിൽപുത്രരെപ്പുൽകിയാലും
താവകോൽക്കർഷത്തിനായിനിമേലിവർ
ആവതുപോലെപരിശ്രമിക്കും
ദ്രവ്യത്തെയാശിച്ചോസ്ഥാനമാനാദിയാം
ഭവ്യത്തെയാശിച്ചോചേർന്നതല്ല;
വന്ദ്യരാമിന്നര,രത്നങ്ങൾവൈദിക-
സന്യാസിവര്യന്മാരെന്നതോർക്ക
സത്യംഗ്രഹിക്കുക,സത്യത്തിനായിത്താൻ
കൃത്യംമരിക്കുകയെന്നചിന്ത
ആനയിച്ചിമ്മഹാവൈദികരേസത്യ-
സേനാഗണത്തിലെയംഗങ്ങളായ്

ആഹാ! ബഥനിയാമാശ്രമത്തിനായി
സ്നേഹത്തോടീ, ജേ. ജോൺ നൽകിയതാം
ആറേക്കർവസ്തുവും മററുദ്രവ്യങ്ങളും
ദൂരേവലിച്ചെറിഞ്ഞതസ്തശങ്കം
വെണ്ണിക്കുളത്തൊരുവാടകഗ്ഗേഹത്തിൽ
പുണ്യവാന്മാരീമഹാശയന്മാർ
ദാരിദ്ര്യവാരിധിമദ്ധ്യത്തിൽനീന്തിക്ക-
ണ്ണീരുപൊഴിച്ചതുമെന്തിനായി
"നഗ്നനായിത്താനെനിക്കുഗമിക്കേണം
സമ്പാദ്യമൊന്നുമേവേണ്ടവേണ്ടാ!"
എന്നുകരുതിമാർദീവന്നാസ്യോസിനെ
ചെന്നുസന്ദർശിച്ചുയാത്രചൊല്ലി
കണ്ണീർപൊഴിച്ചിങ്ങിറങ്ങിയവന്ദ്യന
വെണ്ണീറാംവിത്തത്തിൽവാഞ്ഛയുണ്ടോ?
സോമനുദിക്കവേതൽപ്രഭാപൂരത്തിൽ
സാരമേയങ്ങൾകുരയ്ക്കുംപോലെ
ഇമ്മഹാൻതന്റെതിരുസ്സുഭാശ്ലേഷത്തിൽ
ദുർമ്മനുഷ്യർക്കപിറുപിറുപ്പായ്
മുന്തിരിതൻകുലകണ്ടുകൊതിച്ചസൃ-
ഗാലനതുലഭിയ്ക്കായ്കമൂലം
വേണ്ടാപുളിയ്ക്കുമെന്നോതിയമട്ടുതാൻ
തിണ്ടാടിടുന്നവർദുർബ്ബുദ്ധികൾ
ആരിതുസാരമായോരുന്നുനേരോർത്താൽ
പാരിതിൽസംഭവമേവമെല്ലാം

“സത്യത്തിനായിജ്ജീവിക്കുന്നോരു ധന്യർക്ക്
സത്യമായ് കഷ്ടതവന്നുചേരും
സത്യസഭാനാഥനിത്തത്വംനമ്മൾക്ക്
കർത്താവുമുമ്പിനാൽകാട്ടിയില്ലേ?
ആയതുതന്നെപ്രമാണമായ് ചിന്തിക്കാം
മായമേശീടാതെയാശ്വസിക്കാം

സത്യസഭയ്ക്കൊരഭിമാനസ്തംഭമാം
കീർത്തിമാൻകർദ്ദിനാൾന്യൂമാനോട്
ഇപ്പിതാവിനുള്ളസാമ്യമാലോചിച്ചാൽ
അത്ഭുതമുൽഭൂതമാകുംനമ്മിൽ
ഓക്സ്ഫോർഡിൽന്യൂമാൻ, സെറാമ്പൂരിലീവന്ദ്യൻ
അദ്ധ്യാപകോദ്യോഗമാചരിച്ചു.
ഓക്സ്ഫോർഡ്പ്രസ്ഥാനം നിർമ്മിച്ചുകർദ്ദിനാൾ
പ്രോട്ടസ്റ്റന്റ് സംസത്തിൻഖേദംമാറ്റാൻ
ഇമ്മഹാൻചെമ്മേബഥനിയാംപ്രസ്ഥാനം
ഇമ്മഹീതന്നിൽനിർമ്മിച്ചുധന്യൻ
യാക്കോബായസഭതന്നുടെഖിന്നത-
യ്യുകാലംതീർത്തുവളർത്താൻമോദം
ഇത്തരമൈക്യമുണ്ടാകാനുംഹേതുവായ്
സത്യസഭയ്ക്കുസൽപുത്രരാവാൻ
കണ്ണീരുകയ്യുമായ് രണ്ടാളുമാസന്തമാം
തിണ്ണയെവിട്ടിങ്ങിറങ്ങിച്ചെന്നു
“അപ്പോളജിയാ”യാംന്യൂമാന്റെസൽകൃതി
മാറിവാന്യോന്യസിൽശിരിദീപം, പോൽ

അമ്മഹാധന്യൻ മതത്തേത്യജിച്ചപ്പോൾ
കന്മഷപൂർണ്ണരുണ്ടാക്കിക്ഷോഭം
എന്നാലവയെല്ലാംപാരാന്നിധിതന്നിൽ
ചെന്നെത്തുംവാഹിനീരാജിപോലായ്
എന്നതുപോലീമഹാവന്ദ്യന്റെമാന-
സാന്തരത്തിങ്കൽ ബഹുവിധമാം
ക്ഷോഭങ്ങളുണ്ടായീടുന്നവസർവ്വവും
ക്ഷിപ്രംനശിക്കും ശുഭംലസിക്കും
ആയതിന്നായിതിസർവംവരുത്തിയ
മായാമയൻ തുണചെയ്തീടട്ടെ!
മാറിവാനിയോസാം മെത്രാപ്പോലീത്തായും
കൂറേറുംതൽസഹചാരികളും
ആയുരാരോഗ്യവുംസമ്പൽസമൃദ്ധിയും
ശ്രീയുംകലൻവിളങ്ങിടട്ടെ!
സത്യത്തൊഴുത്തിൽനിന്നോടിമറഞ്ഞവർ
വ്യത്യസ്തംജല്പിക്കുംമേഷസംഘം
ധൃത്തനാം പുത്രൻജനകന്റെയന്തികേ-
യെത്തുംവിധം തിരിച്ചെത്തീടട്ടെ!
വൃദ്ധയാണെങ്കിലും നിത്യയുവതിയാം
കത്തോലിക്കാസഭ ഭാസുരാംഗി
മേന്മേൽതഴയ്ക്കട്ടെ! ഭാഗ്യമുഖരട്ടെ!
മംഗളംദൈവം ചൊരിഞ്ഞീടട്ടെ!
രക്ഷകനാംമിശിഹാ തൻജയക്കൊടി
ഇക്ഷിതിയാകവേ പാറിടട്ടെ!

## മെത്രാപ്പോലീത്തായ്ക്കുമംഗളം.

'പൂങ്കാവിനോദമേ, എ. മ.

വാഴേണമേറെനാൾ — ഈവാന്ന്യോസ് തിരുവടിഭൂമിയിൽ
ഭക്തിക്കും - യുക്തിക്കും -ദിവതല-സക്തിക്കും-മുക്തിക്കും
വഴിമുദാ- (വാഴേണ-

വൈദിക-രീതിയിൽമാതൃകയായിഹ
മേദിനിയിങ്കൽവിളങ്ങിടുമെൻഗുരു- (വാഴേണ-
ഉലകിൽപ്പുകളെഴുമുലകിന്നാധിപതി, തന്നുടെ പ്രതിനിധി
യധികഗുണാംബുധി- (വാഴേണ-
മാവേലിക്കരയിൽനല്ല മെച്ചമെഴും ഭവനത്തിൽ ജനിച്ചു്
എം.ഏ യാകുംഡിഗ്രിയോളാചിതംഹന്തരാകൻപഠിച്ചു്
സ്വന്തം മേലായ് വാണഡിഗ്രിവേഗംകീഴിലമർത്തിവരിച്ചു്
കാളേജ് പ്രൊഫസറായിലസിച്ചോരുഗുരുവേ!
യാക്കോബായസഭയ്ക്കഭിമാനമണച്ചുവിളങ്ങിയതരുവേ!
സാത്താനഭയത്തെവരുത്തിസഭക്കജയത്തിനഹേതുക
കരുവേ!
സത്യസഭക്കമോടി- ഭവാനണഞ്ഞുക്രൂടി-
ലസിക്ക,ഭക്തിയോടീ- ജേ. പി. പെരേരപാടി-
യെൻഗുരുവരൻ- വാഴേണ - -

ശുഭം. ഭൂയാൽ

THE MALAYALA SAHITHI PRESS,
CHANGANACHERRY.